പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1612 — 04-12-2018-ലെ മറുപടിയ്ക്ക്

## കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**ശ്രീ.ഡി.കെ. മുരളി**<br>**ശ്രീ.യു. ആർ. പ്രദീപ്**<br>**ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ.വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയിൽ കാർഷികമേഖലയിലുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | **(എ)** | ഉണ്ട്. 2018 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികമേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. |
| **(ബി)** | പ്രളയത്തിൽ തകർന്ന കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് അടിയന്തിരമായി ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; | **(ബി)** | കാർഷികമേഖലയ്ക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന കൃഷിവകുപ്പ് ബഹുമുഖ പദ്ധതികളാണ് തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി 1603 കോടി രൂപയുടെ കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. 'മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ' എന്ന പദ്ധതിയിൻ കീഴിൽ 102.1855 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള നിർദ്ദേശം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി സമർപ്പിക്കുകയും കേന്ദ്രസർക്കാർ ഈയിനത്തിൽ 93.39 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തെങ്ങ്, സുഗന്ധവിളകൾ, വാഴ, പച്ചക്കറികൾ, വീട്ടുവളപ്പിലെ കൃഷി, മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തൽ എന്നീ ഘടകങ്ങളിൽ ആയി ഇന്റർനാഷണൽ ഫണ്ട് ഫോർ |

| | | | |
|---|---|---|---|
| | | | അഗ്രികൾച്ചർ ഡെവലപ്മെന്റ് (I.F.A.D)ൽ നിന്നും 500 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ പദ്ധതി തയാറാക്കി സമർപ്പിച്ചിട്ടുണ്ട്.<br><br>പ്രളയക്കെടുതികളിൽ നിന്നും കർഷകരെ കൈപിടിച്ച് ഉയർത്തുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കാർഷികമേഖലയെ പുനഃസൃഷ്ടിക്കുന്നതിനുമായി "പുനർജ്ജനി" എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആലപ്പുഴ, കോട്ടയം, പാലക്കാട്, തിരുവനന്തപുരം, പത്തനംതിട്ട എന്നീ ജില്ലകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. മറ്റുള്ള ജില്ലകളിൽ നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br>കർഷകർക്ക് ആവശ്യമായ മാനസികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകി അവരെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യം വച്ചുകൊണ്ട് കൃഷിവകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന ആസൂത്രണബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി "പുനർജ്ജനി" എന്ന പേരിൽ 100 കോടി രൂപയുടെ ഒരു പാക്കേജ് തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| **(സി)** | കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | **(സി)** | മഹാപ്രളയത്തിൽ സംഭവിച്ച കൃഷിനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 3,05,964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 2,32,966 കർഷകർക്ക് SDRF ഫണ്ടിൽ നിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, സംസ്ഥാന വിഹിതമായി 2,18,198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളിമണ്ണ്, പാറ, മറ്റു അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽ മൂലം കൃഷിഭൂമി |

| | | | |
|---|---|---|---|
| | | | നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തിരമായി ഇൻഷുറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായ 11,750 കർഷകർക്ക് നഷ്ടപരിഹാരമായി 18.19 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പ എടുത്തിട്ടും വിള ഇറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷുറൻസ് തുകയുടെ 25% നൽകുന്നതിന് സർക്കാർ തീരുമാനിച്ചു. |
| (ഡി) | ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം വിളകളെയാണ് പ്രളയം കൂടുതലായി ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | നെല്ല്, തെങ്ങ്, വാഴ, കമുക്, കുരുമുളക്, റബ്ബർ, ഏലം, മഞ്ഞൾ, ഇഞ്ചി, കിഴങ്ങുവർഗ്ഗങ്ങൾ, ജാതി, തുടങ്ങിയ മിക്കവാറും എല്ലാ വിളകൾക്കും കൃഷി നാശം സംഭവിച്ചിട്ടുണ്ട്. |

| **ജില്ല** | **പ്രളയം കൂടുതൽ ബാധിച്ച വിള** |
|---|---|
| തിരുവനന്തപുരം | കിഴങ്ങു വർഗ്ഗങ്ങൾ |
| കൊല്ലം | കുരുമുളക് |
| ആലപ്പുഴ | നെല്ല് |
| പത്തനംതിട്ട | കുരുമുളക് |
| കോട്ടയം | നെല്ല് |
| ഇടുക്കി | കുരുമുളക്, ഏലം |
| എറണാകുളം | കുരുമുളക് |
| തൃശ്ശൂർ | നെല്ല് |
| പാലക്കാട് | നെല്ല് |
| മലപ്പുറം | കുരുമുളക് |
| വയനാട് | കുരുമുളക് |
| കണ്ണൂർ | കുരുമുളക് |
| കാസർഗോഡ് | പച്ചക്കറി |

| | | | |
|---|---|---|---|
| (ഇ) | പ്രളയബാധിത മേഖലകളിലെ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | സംസ്ഥാനത്ത് മഴക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി പ്രളയബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇടങ്ങളിലെ കാർഷിക കടങ്ങൾക്ക് ഒരു വർഷം വരെ മോറട്ടോറിയം അനുവദിക്കാൻ സംസ്ഥാനതല ബാങ്കേഴ്സ് സമിതി നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക കടങ്ങൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**